
# CYBER BEADS

little KITEs

Be Ready
To Fail
'CAUSE
Only
Then
You are
Ready
To succeed

**ALPHONSA G.H.S VAKAKKAD**




# CYBER BEADS

A. G. H. S.
LIGHTED TO LIGHTEN
VAKAKKAD
Since 1965

## അൽഫോൻസാ ഹൈസ്കൂൾ, വാകക്കാട്

മൂന്നിലവ് പി.ഒ., പിൻ : 686 586, ഫോൺ : 04822 286698, 9744395846, 9447523269, 9447827902

Visit us on Facebook : alphonsaghs vakakkad, E-mail : alphonsaghs@gmail.com




ST.ALPHONSA
PRY FOR US



*Rev.Fr.James Kudilil*

***OUR MANAGER***



## *Sr. Tess F C C*

### *OUR HEADMISTRESS*



**Julia Augustine**
**Little KITEs Mistress**

**Manu K Jose**
**Little KITEs Master**



# Message

Today the world is at our finger tip.

In the wake of this new digital era the students of 'Little Kites' have brought to us a Digital magazine, that subsumes the literal and artistic collection.

I am so glad to extend my hearty greetings and blessings for this Digital creation. Science world is ever expanding and ever changing since our students are also well updated and upgraded along with this speedy flux .

I congratulate the 'Little Kites' Masters, Sri. Manu K Jose and Smt.Julia Augustine who has been rendering their priceless help to the students all these while. Last but not least I wish all my colleagues and students, may God Almighty's grace follow you.

My dear students, the world is becoming bigger than ever before .So I remind you that, you have to seek out the good aspects that may be hidden somewhere in order to make a better world. Because the world is at your finger tips.

Vakakkad
15/01/2019

Sr. Tess FCC
Headmistress

# എഡിറ്റോറിയൽ

ഇത് സൈബർ ലോകമാണ്.

സ്വപ്നങ്ങളെ വിരൽതുമ്പിലാക്കുന്ന പുതുതലമുറ.....

മാധ്യമരംഗത്തെ പടികളുടെ എണ്ണം കൂട്ടുകയാണ്.

അവ നല്ലതിനാകണം, നല്ലതിലേക്കാകണം.

വിവര വിനിമയ സാങ്കേതിക വിദ്യയെക്കുറിച്ച് കൂടുതൽ അറിവ്

ലഭിക്കുന്നതിന് സഹായിക്കുന്നതാണ്

ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടിക്കൂട്ടായ്മ.

നമ്മുടെ യുവതലമുറയുടെ കഴിവുകൾ നമുക്ക്

വളർത്തിയെടുക്കാം. നമ്മെ ആനന്ദിപ്പിക്കുന്ന ചിന്തിപ്പിക്കുന്ന

രചനകൾ ചേർത്തുവച്ച് നിങ്ങൾക്കുമുമ്പിൽ

സമർപ്പിക്കുന്നു. നമുക്ക് ഒന്നിക്കാം, ചുവടുറപ്പിക്കാം

പടുത്തുയർത്താം സ്വപ്നങ്ങൾ........................

"സൈബർ ബീഡ്സ്" ലെ മുഴുവൻ

പ്രവർത്തനങ്ങളും ടൈപ്പിങ്ങ് എഡിറ്റിങ്ങ് ലേ ഔട്ട്

ഡിസൈനിങ്ങ് തുടങ്ങിയവയിയെല്ലാം ലിറ്റിൽ കൈറ്റ്സ്

അംഗങ്ങൾ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിരിക്കുന്നു

എഡിറ്റർ.....

# ഉള്ളടക്കം

11... നമ്മുടെ വിദ്യാലയം
13... ലിറ്റിൽ കൈറ്റ്സ് വാർഷിക റിപ്പോർട്ട്
18... Technology: Facilitating the Transformation of Learning
32... മിഴിയിൽ നിന്ന് മിഴിയിലേക്ക്
37... വർഷം
40... नये दिल
41... സുഹൃത്ത് എന്ന വഴികാട്ടി
42... BE HAPPY
43... പൊതുവിജ്ഞാനം
45...നമ്മൾ കാണാത്ത ലോകം
46...Mysteries of Nature
47...ഏതു കുട ?
48... Payback
49...അദ്ധ്യാപിക എന്ന അമ്മ
50...KERALA: THE PARADISE OF TOURISTS
51...ടിന്റുമോൻ ഫലിതങ്ങൾ
52...പ്രഭാതം
53...The Meaningful Truth
54...ഈറനണിഞ്ഞ മിഴികൾ
55...ADVANTAGES AND DISADVANTAGES OF INTERNET
57...മേഘങ്ങളുടെ യാത്ര

58...അതിജീവനം
60...നിഴൽപ്പാട്ടുകൾ
61...TRUE FRIENDSHIP
62...കുട്ടിക്കവിത
63...SAROJINI NAIDU
64...കുസൃതി ചോദ്യങ്ങൾ
65...വരുമോ നീ എന്റെ ഒപ്പം?
66...മഹാത്മഗാന്ധി : ഇന്ത്യയുടെ രാഷ്ട്രപിതാവ്
67...बेटी
68...ഒരിക്കലും മായാത്ത ബന്ധങ്ങൾ
69...മത്സ്യതൊഴിലാളികൾ എന്ന മാലാഖമാർ
71...ക്രിസ്തുമസ്
72...Return
73..എന്റെ വിദ്യാലയം
75...Childhood
76...മഴക്കവിത
77...The lonely Wish
78...പൂമ്പാറ്റ
79...ROSES
80...മഴത്തുള്ളിക്കുമുണ്ടൊരു കഥ പറയാൻ

# നമ്മുടെ വിദ്യാലയം




വാകക്കാടിലെയും സമീപ പ്രദേശങ്ങളിലെയും ജനങ്ങളുടെ ചിരകാല അഭിലാഷത്തിന്റെ പൂർത്തീകരണമായിരുന്ന വാകക്കാട് അൽഫോൻസാ ഗേൾസ് ഹൈസ്കൂൾ.1924 ൽ വാകക്കാട് സെന്റ് പോൾ സ് എൽ പീ സ്കൂൾ ആരംഭിച്ചു. ഈ സ്കൂളിനായി പുതിയ കെട്ടിടം 1942 ൽ അന്നത്തെ മാനേജരായിരുന്ന ബ.കുര്യാക്കോസ് മുതുക്കാട്ടിൽ അച്ചൻ പണികഴിപ്പിച്ചു. അതാണിപ്പോഴത്തെ അൽഫോൻസാ ഗേൾസ് ഹൈസ്കൂളിന്റെ പ്രധാന കെട്ടിടം.വിശുദ്ധ അൽഫോൻസാമ്മ പഠിപ്പിച്ച ഏക വിദ്ധ്യാലയവും ഇതു തന്നെ.

വലിയകുമാര മംഗലം വാകക്കാടിന്റെ കുരിശുപള്ളി ആയിരിക്കുമ്പോൾ 1951 ൽ അന്നത്തെ മാനേജരായിരുന്ന റവ. ഫാ. മാത്യൂ വരകിൽ പറമ്പിലിന്റെ ശ്രമഫലമായി വലിയ കുമാരമംഗലത്ത് ഒരു യൂപീ സ്കൂൾ അനുവദിച്ചുകിട്ടി. സെന്റ് പോൾസ് യൂ പീ സ്കൂളിന്റെ ആദ്യഹെഡ്മാസ്റ്റർ റിട്ട. റവ . ഫാ. സെബാസ്റ്റ്യൻ വള്ളോപ്പള്ളി ആയിരുന്നു. 1953 ൽ യൂ പീ സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. വലിയകുമാരമംഗലം കുരിശുപള്ളിയും സ്ഥാപനങ്ങളും ഈ കാലയളവിൽ സീ. എം .ഐ.ക്കാരെ ഏൽപ്പിക്കുകയും ഫാ . ബൽത്താസർ സീ .എം .ഐ സെന്റ് പോൾസ് ഹൈസ്കൂളിലെ ആദ്യ ഹെഡ്മാസ്റ്ററായി നിയമിതനായി. ഈ

കാലയളവിൽ ഗേൾസ് സെക്ഷൻ വാകക്കാട്ടേക്ക മാറ്റുകയുണ്ടായി. പ്രദേശിക പിന്നോക്ക അവസ്ഥകൾ വളരെയേറെയുണ്ടായിട്ടും മികച്ച അക്കാഡമിക് നിലവാരം പുലർത്തുവാൻ ഈ സ്ഥാപനത്തിന് കഴിയുന്നുണ്ട്.തുടർച്ചയായി എസ് .എൽ .സിക്ക് 100% കൈവരിക്കാൻ സാധിക്കുന്നുണ്ട്. എംപി ഫണ്ടിൽ നിന്നും ലഭിച്ച 10 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച മൾട്ടി മീഡിയ റൂമിന്റെ ഉദ്ഘാടനം നവംബർ11-ാം തീയതി അഡ്വ. ജോയി എബ്രഹാം എംബി നിർവഹിച്ചു. മുൻ ഹെഡ്മിസ്ട്രസ് സി. ഗ്രേസ് പോളിന്റെ ശ്രമഫലമായി പുതുതായി സ്മാർട്ട് ക്ലാസ് റൂം ആരംഭിച്ചു.

ഈ വർഷം പൊതുവിദ്യാഭ്യാസയജ്ഞത്തിന്റെ ഭാഗമായി സ്കൂൾ മാനേജ്മെന്റിന്റെ സഹകരണത്തോടെ ഹൈസ്കൂൾ വിഭാഗം ക്ലാസുകളെല്ലാം ഹൈടെക്ക് ക്ലാസ് മുറികളായി മാറിക്കഴിഞ്ഞു.



അഞ്ചു പതിറ്റാട്ടിന്റെ വിദ്യാദാന പ്രക്രിയയിലൂടെ ആയിരങ്ങൾക്ക് അറിവിന്റെ വെളിച്ചം പകർന്നു നൽകിയ ഈ സരസ്വതി ക്ഷേത്രത്തിന്റെ വളർച്ചയുടെ പാതയിലെ നാഴികക്കല്ലുകളാണ് 2002 ൽ മാനേജ്മെന്റിൽ നിന്നും സെറ്റ് ചെയ്തു നൽകിയ കമ്പ്യൂട്ടർ ലാബ് 2004 ൽ ആരംഭിച്ച പാരലൽ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ മുതലായവ. പാലാ രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന് കിഴിലുള്ള ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് സ്കൗട്ട് &ഗൈഡിംഗ് , ലിറ്റിൽ കൈറ്റ്സ്, ജൂണിയർ റെഡ്ക്രോസ് , പ്രീമിയർ സ്കൂൾ എന്നിവയിൽ പരിശീലനം നൽകുന്നു.ഇപ്പോഴത്തെ മാനേജർ ഫാ.ജെയിംസ് കുടിലിൽ കുട്ടികളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുതന്നുകൊണ്ട് സ്കൂളിന്റെ നന്മയ്ക്കായി അക്ഷീണം പ്രവർത്തിക്കുന്നു.

# ലിറ്റിൽ കൈറ്റ്സ്
## വാർഷിക റിപ്പോർട്ട്

വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇന്നത്തെ കാലത്ത് പാഠ്യപാഠ്യേതര പ്രക്രിയകളിൽ വലിയ പങ്ക് വഹിക്കാനാകും എന്ന ബോധ്യത്തിൽ ഉറച്ചുനിന്നുകൊണ്ട് വാകക്കാട് അൽഫോൻസാ ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ് സജീവമായി പ്രവർത്തിക്കുന്നു. പ്രളയകാലത്ത് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും പ്രളയദുരിതർക്കായി അവശ്യസാധനങ്ങളും സാമ്പത്തിക സഹായങ്ങളും നൽകുന്നതിൽ മുൻനിരയിലുണ്ടായിരുന്നു. കൈറ്റ് ടീം നൽകിയനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വേണ്ട സാങ്കേതികസഹായവും നൽകുന്നതിന് ലിറ്റിൽ കൈറ്റ്സ്സന്നദ്ധമായിരുന്നു. പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കുന്നതിന് വൈദഗ്ധ്യവും അഭിരുചിയുമുള്ള വ്യക്തികളെ രൂപപ്പെടുത്തി എടുക്കുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ I. T കൂട്ടായ്മ ഹൈടെക്ക് പദ്ധതിയിലൂടെ നിരന്തരം ശ്രമിക്കുന്നു.

### CLASS

എല്ലാ ബുധനാഴ്ചകളിലും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള പരിശീലന പരിപാടി കാര്യക്ഷമമായി നടത്തിവരുന്നു.

### ആരോഗ്യം കരുതൽ

പകർച്ചവ്യാധികൾ പകരാതിരിക്കുന്നതിന് സ്കൂളും , വീടും ,പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പ്രത്യേകം

ശ്രദ്ധിക്കുന്നു. പ്ലാസ്റ്റിക് കൂടുകളും , കപ്പികളും തുടങ്ങിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ പരിസരങ്ങളിലേക്ക് പുറംതള്ളുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി ബോധവൽക്കരണം ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. കൊതുക നിവാരണത്തിനായി വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിനും സാധിക്കുന്നിടത്ത് ഗപ്പി മൽസ്യകൃഷി നടത്തുന്നതും പ്രോത്സാഹിപ്പിച്ചു.

## DIGITAL PAINTING

ജൂലൈയ് മാസത്തിൽ സ്കൂളിലെ കുട്ടികൾക്കായി ലിറ്റിൽ കൈറ്റ്സ് ക്ലബ് ടിജിറ്റൽ പെയിന്റിങ്ങ് മത്സരം സംഘടിപ്പിച്ചു. ഇതിൽ വിജയിയായ ശ്രീലക്ഷ്മി എസ് ഉപജില്ലാ കലോൽസവത്തിൽ പങ്കെടുക്കുകയും A ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്തു.

## MALAYALAM TYPING



സ്കൂളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി മലയാളം ടൈപ്പിങ്ങ് മത്സരം നടത്തുകയും അതിൽ അപർണ്ണ കേ എസ് വിജയിയാവുകയും ചെയ്തു. തുടർന്ന് ജില്ലാ ഉപജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുകയും A ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്തു.

## I T QUIZ

കുട്ടികളിൽ അറിവ് വർദ്ധിക്കുന്നതിനായി സ്കൂളിൽ ഒരു ക്വിസ് മത്സരം നടത്തി. അതിൽ ബിർണാ ബീ കുന്നേൽ വിജയിക്കുകയും ചെയ്തു. ജില്ലാ ഉപജില്ലാ മത്സരങ്ങളിൽ A ഗ്രേഡ് നേടുകയും ചെയ്തു.

## WEB DESIGNING

സ്കൂളിലെ കുട്ടികളെ സംഘടിപ്പിച്ച് വെബ് ഡിസൈനിങ്ങ് മത്സരം നടത്തുകയും അജ്ഞിതാ ഷിബു വിജയിയാവുകയും ജില്ലാ ഉപജില്ലാ മത്സരങ്ങളിൽ A ഗ്രേഡ് നേടുകയും ചെയ്തു.

## I T PROJECT

ജൂലൈയ് മാസത്തിൽ സ്കൂളിലെ കുട്ടികൾക്കായി ലിറ്റിൽ കൈറ്റ്സ് ക്ലബ് IT Project മത്സരം സംഘടിപ്പിച്ചു. ഇതിൽ വിജയിയായ Sivya Sebastian ഉപജില്ലാ കലോൽസവത്തിൽ പങ്കെടുക്കുകയും A ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്തു.

## ഉപജില്ലാ ഐ. ടീ മേള

രാമപുരം ഉപജില്ലാ ഐടീ മേളയിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ എല്ലായിനങ്ങളിലും പങ്കെടുക്കുകയും വെബ് ഡിസൈനിങ്,ഐടീ പ്രോജക്ട്, മൾട്ടീമീഡിയ പ്രെസന്റേഷൻ ,മലയാളം ടൈപ്പിങ് എന്നിവയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കികൊണ്ട് ഓവറോൾ റണ്ണറപ്പ് നേടുകയും ചെയ്തു.

## പ്രളയം അതിജീവനം

പ്രളയകാലത്ത് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും പ്രളയദുരിതർക്കായി അവശ്യസാധനങ്ങളും സാമ്പത്തിക സഹായങ്ങളും നൽകുന്നതിൽ മുൻനിരയിലുണ്ടായിരുന്നു. കൈറ്റ് ടീം നൽകിയനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വേണ്ട സാങ്കേതികസഹായവും നൽകുന്നതിന് ലിറ്റിൽ കൈറ്റ്സ്സന്നദ്ധമായിരുന്നു.

## പ്രിലിമിനറി ക്യാമ്പ്

ഇരുമാപ്രമറ്റം എം ഡി സീ എം എസ് ഹൈസ്കൂളിൽ വച്ച് നടന്ന പ്രിലിമിനറി ക്യാമ്പിൽ 36 ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും പങ്കെടുത്തു. അവിടെ നിർദ്ദേശിച്ചിരുന്ന പ്രവർത്തനങ്ങൾ സമബന്ധമായി പൂർത്തിയാക്കി.



## യൂണിറ്റ്തല ക്യാമ്പ്

സെപ്റ്റംബർ 4-ാം തീയതി ലിറ്റിൽ കൈറ്റ്സിന്റെ യൂണിറ്റ് തല ക്യാമ്പ് ഈ സ്കൂളിൽവച്ച് തന്നെ നടത്തുകയുണ്ടായി. അന്നേ ദിവസം മലയാളം ടൈപ്പിംങ് , ആനിമേഷൻ, സൗണ്ട്എഡിറ്റിംങ്ങിൽ പരിശീലനം നടത്തുകയുണ്ടായി.

## ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ മാഗസീൻ തയാറാക്കി.



## സൈബർ സുരക്ഷ

കുട്ടികളുടെ ഇന്റർനെറ്റ് ഉപയോഗത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് മാതാപിതാക്കൾക്കായി ഒരു ബോധവത്കരണ ക്ലാസ് നടത്തി.

## ഈ- വേസ്റ്റ് നിർമ്മാർജ്ജന ബോധവത്കരണ ക്ലാസ്

സമൂഹത്തിലുണ്ടാകുന്ന ഈ- മാലിന്യങ്ങളെപ്പറ്റിയും അവയുടെ ദൂഷ്യഫലങ്ങളെക്കുറിച്ചും അവ എങ്ങനെ സംസ്കരിക്കാമെന്നും ഒരു ബോധവത്കരണ ക്ലാസ് നടത്തി.

## വൈകുന്നേരങ്ങളിലെ ഐടി പരിശീലനം

സ്കൂൾ സമയത്തിനു ശേഷം വൈകുന്നേരങ്ങളിൽ ലാബ് തുറന്നു കൊടുക്കുകയും കുട്ടികൾ കംമ്പ്യൂട്ടർ പരിശീലിക്കുകയും ചെയ്യുന്നു.

## ഹൈടെക്ക് ക്ലാസ് റൂം

പ്രൊജക്ടർ ,ലാപ് ടോപ്പ് തുടങ്ങിയവയുടെ ഉപയോഗത്തോടെ എല്ലാ

*അദ്ധ്യാപകരും പഠിപ്പിക്കുകയും പഠനത്തിൽ കൂടുതൽ നിലവാരം പുലർത്താൻ സാധിക്കുകയും ചെയ്യുന്നു. ഉപകരണങ്ങളുടെ സുരക്ഷയും ഉത്തരവാദിത്വവും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കാണ്.*

## I T വിദ്യാഭ്യാസം



സ്കൂളിലെ ഐ.ടി ക്ലബ് ആയ *ലിറ്റിൽ കൈറ്റ്സ്* യൂണിറ്റ് മലയാളം ടൈപ്പിങ് , ഡിജിറ്റൽ പെയ്ന്റിങ്, ആനിമേഷൻ എന്നിവയിൽ കുട്ടികൾ പരിശീലനം നടത്തി.

## സ്കൂൾ ഉദ്യാനം

പച്ചക്കറിതോട്ടവും പൂന്തോട്ടവും മീൻകുളവും *ലിറ്റിൽ കൈറ്റ്സ്* അംഗങ്ങൾ നല്ലതുപോലെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു.

## സ്നേഹപാഠം

സഹപാഠികളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവർക്കു വേണ്ട സഹായം ചെയ്യുന്നതിൽ *ലിറ്റിൽ കൈറ്റ്സ്* അംഗങ്ങൾ പ്രത്യേകം താൽപര്യം കാണിക്കുന്നു. മാതാപിതാക്കളുടെ രോഗചികിത്സക്കും ,വീടുപണിക്കുമൊക്കെ സാമ്പത്തികമായും പറ്റുന്ന സഹായം ചെയ്തുകൊടുക്കുന്നു.

## ലഹരിവിരുദ്ധ ബോധവൽക്കരണം

സ്കൂളിലെ അടാർട്ട് ക്ലബുമായി സഹകരിച്ച് *ലിറ്റിൽ കൈറ്റ്സ്* യൂണിറ്റ് ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് മാതാപിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസുകൾ നടത്തി.

## *ഡോക്യുമെന്ററി*

*സ്കൂളിലെ വിവിധ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി എന്റെ വിദ്യാലയം എന്ന ഡോക്യുമെന്ററി ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറായിക്കൊണ്ടിരിക്കുന്നു.*




# Technology: *Facilitating the Transformation of Learning*



Manu K Jose

The power of the innovations in computer mediated communication is now in a position to further enhance traditional learning styles, open and distance learning as well as synchronous and asynchronous strategies and environment to a far exciting one enabling and transforming optimal educational transaction impacting all forms of pedagogies. We are now viewing the function of technology from a different angle as the engagement of learning should be tweaked towards the students' preferences, learning activity and practices that technology enables and the transformation of the environment to foster learning that is now termed as technology.




**Computer-Mediated-Communication**

Each major transition in communication media, from speech to print to video to electronic forms has resulted in changes in our means to create, record, store, distribute, access and retrieve information. In a logical and progressive sense, there must be a communication transformation upon a technological breakthrough in education. At the heart of this

communication, transformation is the changes in which students and teachers interact.

The whole contention too is the undying mission to capitalize on the deluge of technological innovations accompanying the cyber world in an effort to establish norms of contact and ideal conditions for learning (and teaching) through the extraordinary delivery and connectivity options afforded by the Internet.



## A Matter of Student's Learning Styles

Instruction begins when you, the teacher, learn from the learner. Put yourself in his place so that you may understand what he learns and the way he understands it. Learning is improved when it is grounded in practical learning theory. By itself, more technology will not make education more efficient. For these reasons, it is imperative that the learning environment of the digital era is developed or the present environment be redesigned so that it is relevant to the power, potential and versatility of the gamut of educational technology available today.



Different students have different learning styles and this occurs in a wide variety of ways, including the types of instruction to which they respond best, the ways they approach their individual studies (strategies to studying and learning approaches), and their perception and attitudes about the nature of knowledge and their role in constructing it (cognitive levels).Students preferentially take in and process information in different ways; by observation and hearing, reflecting and acting, reasoning and deducing logically. Students come to the "classroom" with

preconceptions about how the world works.

If their initial understanding is not engaged, they may fail to grasp new concepts and information that are taught, or they may learn them for purposes of a test but revert to their preconceptions outside a classroom. The method of teaching or pedagogy may also vary. The content may be delivered in the manner of a lecture, demonstration, individual or group work and in the very many learning theories.




An objective of education should thus be to help students build their skills in both their preferred and less preferred modes of learning. The learning theories provide good frameworks for designing instruction with the desired breadth. The goal is to make sure that the learning needs of students in each model category are met at least part of the time. When mismatches exist between learning styles of most students in a class and the teaching style of the teacher, the students will 'disengage' from the educational environment.

Obviously, there are many approaches that could be employed in designing learning environments that respond more effectively to the needs of different students, although this would be rather demanding in a face-to-face fashion, the infusion of technology and the power of multimedia computing will provide the platform for a pedagogy-rich format. Narrowing to the teacher-learner interaction, there are also many ways to create a better match between students' learning styles and teacher approaches to instruction.



It is our contention that perhaps we should cease to endure this matching processes as one could never know the learning modalities,



preferences and styles of a student, as much as one could never know the preferences, inclination and approaches of the teacher. Any one research on the learning characteristics of one particular cohort would be rendered useless against the next cohort. We need a different approach where the direction, preferences and development evolves through the facilitation of educational transaction, with technology playing a pivotal function in the integration of the pedagogy, content, teacher and the learner. We need to work on the preferences and strength of the students through a variety of learning models. In this way, the students have the choice to pursue a learning preference while subtlety being redirected to a higher level on a natural progression; a maneuver that require an astute pedagogical approach by the teacher.

**Technology**

The transformation of the learning environment is a crucial element in the definition of technology as we put it as it signifies the power and function of multimedia computing (technology) and its use in the teaching and learning process. Coming back to the use of technology, we always view the functionality of technology from the standpoint of the student on the pretext of it being learner centered. Together with this notion, we adopt the concept of facilitation and transmission of learning that we contend are not an effective approach as we subsume a lot of the initiative and creative use of technology on the students



characteristics (supposedly). There is no concrete direction of encouraging an individual to engage in practices that will result in meaningful learning, due to the incapability of the students to venture beyond what is presented by faculty.



We also contend that the primary benefit of technology is not the focus on the content but the focus on the learning practices and engagement that technology enables. In spite of the blended approaches that are integrating technology in the teaching and learning processes, it could be an ignorant way of viewing the possibilities and potentialities of technology. In truth, we should not be using technology to duplicate what we can already do, but we should design uses of technology that enables us to participate and engage in teaching and learning practices that we cannot do given our current constraints.

For example, we can create virtual case studies, support communication and collaborations among geographically distanced individuals and groups and create texts or artifacts from the interaction that take place thus fostering more learning. In essence, we are moving from mere infusion or integration (as a natural buy-in) but are approaching the transformation of the learning environment in its entirety.



**Implications of Technology**

The application of technology will now witness the presentation of content in a continuum rather than a segmented approach for a specific cohort., each level taking into account the learner characteristics, learning styles and preferences and the production of a variety of appropriate media components to support, complement or for the

purpose of teaching and knowledge retention. Further we will now witness the design of (a single) content for the learning environment that is based on many learning theories such as situated learning, multiple intelligences, experiential learning, constructivist theory, cognitive load theory as well as connectionism.

Imagine a scenario where a student logs on to the computer and is assessed for his learning style before being directed to the most appropriate learning environment design based on his preferences. There the student is served with a buffet of learning that has been laid out for the student to choose or try in his educational transaction; the logistical difficulties in creating learning experiences to suit every situation and learning style, notwithstanding.




The technical innovations that are likely to push the next generation of online teaching and learning more towards learner managed learning where technology fits the bill as the learning support environments will now provide easy access to online support from tutors, mentors or external specialists, open chat facilities, special interest groups, one-to-one exchanges with a personal supervisor, tracking and personal log services and links with other frameworks and activities; altogether a transformation to foster learning. The use of strategies to allow students to process the information at a higher level, include activities for students to transfer the knowledge and skills to new situations, provide opportunities for real life applications and specify activities for constant upgrading.


*Technology is defined as the transformative use of technology to foster learning. The power of multimedia computing makes it possible for technology to cater for the needs of pedagogical elements that can be viewed from the standpoint of technology. Innovations in interactive technologies afford us the luxury through web based delivery the leveling of field in the education of the young and the adult, each benefiting from the elements of the other. Technology will allow for a continuum from the young to the adult in a way that addresses both learning needs and activities.*

# EDITORIAL BOARD



SR. TESS FCC
Chief Editor





Staff Editors

JULIA AUGUSTIN    MANU K JOSE

Aparna KS  Liya Issac
Student Editors

Kavya K    Devika Madhu  Aleena Joshy  Aleena Suresh
Sub Editors

Sivya Sebastian Anitta Joshy Arya Sree Riya Roy
Layout

Varsha Vinod  Alphonsa Raju
Lakshmi Mohanan    Photos

Sreelakshmi TS  Pooja Anil Feba Biju
Cover Design

Sona Pious  Ashmi Shyju  Devu Biju  Jessmaria
Nidhiya Peter    Committee Members

Published by: Headmistress, Alphonsa High School Vakakkad, Moonnilavu PO, Pin-686586
Ph:04822 286698, Mob:9744395846, e-mail: alphonsaghs@gmail.com

Prepared by: Little KITEs Unit, Reg. No. LK 31074/2018, Pala Educational District

# OUR PROMOTERS



*ELSAMMA ZACHARIAS*



*SR.JASMINE FCC*



*SR.JOSLIN FCC*



*BENNY JOSEPH*



*SANTHOSH THOMAS*



*MANU K. JOSE*



*SALYAMMA SCARIA*



*JULIA AUGUSTINE*



*DEEPA MARIA*



*SR. TESS FCC*



*SR.REENA FCC*



*SR.PREETHA FCC*



*SR.ALPHIN FCC*



*SR.KRUPA FCC*



*SR.LINET S.H*



*ANU ALEX*



*MANOJ ALEX*



*JOSEPH  SEBASTIAN*




*SHYMOL JOSEPH*



*ALLEN MANUEL ALOYSIUS*



*TOJI MATHEW*



*SIBI ZACHARIAS*

# മിഴിയിൽ നിന്ന് മിഴിയിലേക്ക്

ആശുപത്രി മുറ്റത്ത് നിൽക്കുന്ന തണൽമരത്തിൽ സായാഹ്ന വെയിൽ പതിക്കുന്നു.



ടിങ്..... ടിങ്..... ടിങ്.....
ഡോക്ടറുടെ മുറിയിൽ നിന്നുമുള്ള മണിയടി ശബ്ദം പുറത്ത് രണ്ട് ഹൃദയങ്ങളിൽ ഇടിമുഴക്കം സൃഷ്ടിച്ചു.

മേശയ്ക്കപ്പുറത്ത് ചിന്താമഗ്നമായ രണ്ട് മിഴികൾ മേശയ്ക്കിപ്പുറത്ത് പെയ്യാൻ വിതുമ്പുന്ന മറ്റ് നാല് മിഴിമേഘങ്ങൾ.

''ഇല്ല നിങ്ങൾക്ക് കുട്ടികളുണ്ടാവാൻ ഒരു സാധ്യതയുമില്ല.'' ഡോക്ടറുടെ നിസഹായ ശബ്ദം. ഉള്ളിലിമ്പുന്ന കണ്ണീർക്കടൽ പ്രക്ഷുബ്ധമായ തിരമാലകളോടെ ഹൃദയത്തിൽ ആഞ്ഞടിച്ച നിമിഷം.

“അമ്മേ, അമ്മ എന്താ ഒന്നും മിണ്ടാത്തത്? എന്തൊരു ബോറടിയാണിത്?”

റോസമോളുടെ ശബ്ദം സെലിനെ ഓർമ്മകളുടെ ഓളക്കുളത്തിൽനിന്ന് കരയ്ക്കണച്ചു.

അവൾ ആ നീലമിഴികളിലേക്ക് സൂക്ഷിച്ചുനോക്കി. ഓർമ്മയുടെ കണ്ണീർത്തുള്ളിയിൽ ഭൂതകാലം മുഴുവൻ പ്രതിബിംബിക്കുന്നത് അവൾ അന്തർനേത്രങ്ങൾക്കൊണ്ടു കണ്ടു. അൽപസമയത്തിനുള്ളിൽ കാർ പള്ളിമുറ്റത്തെത്തി. കാർ പാർക്ക് ചെയ്ത് സെലിനും ഭർത്താവ് ജോസഫും റോസമോളും പള്ളിയിൽ പ്രവേശിച്ചു. അപ്പോഴും അവൾ മറ്റേതോ ചിന്താലോകത്താണ്.



അതാ ദൈവമാതാവിന്റെ രൂപം. അവൾ ആ മാതാവിനു മുൻപിൽ മുട്ടുകുത്തി.കണ്ണുകളടച്ച് പ്രാർത്ഥിച്ചു.

അന്നും ഇതുപോലൊരു തിരുനാൾ ദിനമായിരുന്നു. ഡോക്ടറിൽ നിന്നറിഞ്ഞ ആ ദുഃഖവാർത്ത മനസിലുണ്ടാക്കിയ ആ ആഴത്തിലുള്ള മുറിവുമായാണ് അന്ന് ഈ ദേവാലയത്തിൽ ഈ ദിവ്യമാതാവിന്റെ മുൻപിൽ വന്നുചേർന്നത്.

പ്രാർത്ഥിച്ച് പുറത്തിറങ്ങിയപ്പോൾ ആരോ സാരിത്തുമ്പിൽ പിടിച്ചു വലിക്കുന്നതുപോലെ. അതാ വാത്സല്യം തുളുമ്പുന്ന രണ്ട് നീലമിഴികൾ. ആ നീലമിഴികൾക്കടുത്ത് വിധി തീർത്ത മുറിപ്പാടുകളാൽ വികൃതമായ മറ്റ് രണ്ട് മിഴികൾ.



അത് ആ കുഞ്ഞിന്റെ അമ്മയായിരുന്നു. അവർ തീരെ അവശയായിരുന്നു.

''നിങ്ങൾക്കെന്തുപറ്റി?" സെലിന്റെ ശബ്ദം.

"ഞാനൊരു എയ്ഡ്സ് രോഗിയാണ്. എന്റെ മോൾക്ക് പാലു കൊടുക്കാൻ എനിക്ക് കഴിയില്ല.എന്റെ കുഞ്ഞ് വിശന്നു കരയുകയാണ്."

സെലിനും ജോസഫും അവരെ അടുത്തുള്ള ബേക്കറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി.ആ കുഞ്ഞ് ആർത്തിയോടെ ആഹാരം കഴിക്കുന്നതു കണ്ട് അവൾ മനസ്സിൽ മന്ത്രിച്ചു.

"ഈ മോളെ എനിക്ക് കിട്ടിയിരുന്നെങ്കിൽ അവൾക്കൊരിക്കലും കരയേണ്ടി വരില്ലായിരുന്നു."

അവളുടെ മനസ്സിലെ തീവ്രമായ ആഗ്രവും കഠോരമായ ദുഃഖവും അവളുടെ ചിന്തകളെ വാക്കുകളാക്കി പുറത്തെത്തിച്ചു.

ആ കുഞ്ഞിന്റെ അമ്മ പറഞ്ഞു.
"എന്റെ മകളെ സംരക്ഷിക്കാൻ എനിക്ക് കഴിവില്ല. ഞാനിനി എത്രകാലമെന്നും അറിയില്ല. എന്റെ പൊന്നോമനയെ വേദനിപ്പിക്കല്ലേ........"

ആ വാക്കുകൾ അവർ പൂർത്തിയാക്കിയില്ല. അവളുടെ ഗദ്ഗദകണ്ഠം ആ വാക്കുകളെ മുറിപ്പെടുത്തി.



തിരിച്ചുപോകുമ്പോൾ ആ നീലമിഴികൾ അവരോടൊപ്പമുണ്ടായിരുന്നു.......

ആ അമ്മയെ അവർ ഒരു എയ്ഡ്സ് കെയർ സെന്ററിലാക്കി.

ആ ദിവ്യമാതാവിനോട് പ്രാർത്ഥിച്ചിനുശേഷമാണ് അവർക്കാ നീലമിഴികളെ ലഭിച്ചത്. അതിനാൽ ആ ദിവ്യമാതാവിനോടും സ്വന്തം കുഞ്ഞിനെ തങ്ങൾക്കു സമ്മാനിച്ച ആ ത്യാഗിനിയായ അമ്മയോടുമുള്ള നന്ദിയെന്നണ്ണം സെലിനും ജോസഫും എല്ലാ വർഷവും ആ പള്ളിയിലും ആ എയ്ഡ്സ് കെയർ സെന്ററിലും സന്ദർശനം നടത്തുമായിരുന്നു.

"സെലിൻ വരൂ. ഇനിയും ഇരുന്നാൽ വീട്ടിലെത്തുമ്പോഴേക്കും വൈകും." ഭർത്താവ് ജോസഫിന്റെ ശബ്ദം.

അവൾ ചിന്തകളിൽ നിന്ന് ഞെട്ടിയുണർന്ന് കുരിശ് വരച്ച്എഴുന്നേറ്റു.
"വരൂ ജോസഫ് നമുക്കവിടേക്ക് പോകാം." സെലിൻ ധൃതികൂട്ടി.

അവർ ആ എയ്ഡ്സ് കെയർ സെന്ററിലെത്തി. മരുന്നിന്റെ ഗന്ധം വമിക്കുന്ന ആ കെട്ടിടത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ തന്നെ റോസമോൾ കരയാൻ തുടങ്ങി.

അപ്പോഴാണ് ആ ദുഃഖവാർത്ത അവരെ ഞെട്ടിച്ചത്. ആ അമ്മയുടെ അവസ്ഥ വളരെ ഗുരുതരമാണ്.



ജോസഫും സെലിനും കുഞ്ഞിനെയും കൊണ്ട് ആ അമ്മ കിടക്കുന്ന മുറിയിൽ പ്രവേശിച്ചു.

തന്റെ മകളെ കണ്ട നിമിഷം അവർ അത്യാധികം സന്തോഷിച്ചു. ഭൂതക്കാലത്തിന്റെ ഹൃദയത്തിൽ നിന്നെന്നോണം അവർ വിളിച്ചു.

"മോളെ ........"

അവർ ആ നീലമിഴികളിലേക്ക് നോക്കി. മിഴികളിൽ നിന്ന് കണ്ണുനീർ ധാരയായി പ്രവഹിച്ചു.

പാലൂട്ടിയില്ല, താരാട്ട് പാടിയിട്ടില്ല. പക്ഷേ അമ്മ എന്നും അമ്മയാണ്. അതൊരു മഹാകാവ്യമാണ്. അമ്മ ഒരു പാഠമല്ല; അനേകം പാഠങ്ങളുള്ള ഒരു വിശുദ്ധഗ്രന്ഥം.

" മോളെ എനിക്കൊരുമ്മ തരൂ." അത് പറയാൻ അവർക്ക് കഴിവുണ്ടായിരുന്നില്ല.

റോസമോൾ കരയുകയായിരുന്നു. അവൾ ഉമ്മക്കൊടുക്കാൻ വിസമ്മതിച്ചു. അവളുടെ ആ പ്രവ്രത്തി ആ അമ്മമനസ്സിനെ വീണ്ടും കരയിച്ചു.



രോഗം മൂർച്ഛിച്ചു. അവർ ശ്വാസം
എടുത്ത് വലിച്ചു.........
എല്ലാം ശാന്തമായി. അപ്പോഴും ആ
അമ്മയുടെ മിഴികൾ
ആ നീലമിഴികളിലൂടക്കക്കിക്കിടുന്നു.
അപ്പോഴും ആ മിഴികൾ
മാതൃസ്നേഹം കൈമാറാൻ ശ്രമിക്കും
പോലെ.......

സെലിൻ വിങ്ങിക്കരഞ്ഞു.
താനാഗ്രഹിച്ച നീലമിഴികളെ
തനിക്കു സമ്മാനിച്ച അമമയെന്ന ആ മഹാസുകൃതം അതാ വിധിയുടെ
ഹോമാഗ്നിയിൽ ബലിയായ് തീർന്നിരിക്കുന്നു.
അവൾ ആ പാദപീഠങ്ങളിൽ ഒരായിരം നന്ദിയർപ്പിച്ചു.
ആ അമ്മ കാണാമറയത്തിരുന്ന് ആ പുണ്യദമ്പതികളോട്
നന്ദിപറയുകയും തന്റെ പൊന്നോമനയെ വേദനിപ്പിക്കല്ലേ
എന്ന് വീണ്ടും വീണ്ടും അപേക്ഷിക്കുകയും ചെയ്യുണ്ടാവും.

ജനൽപ്പാളികളുടെ വിടവിലൂടെ
ഉള്ളിലേക്ക് കടന്നു
വന്ന കാറ്റിന്റെ മർമ്മരം നിശബ്ദതയെ ഭേദിച്ചു.
സെലിൻ
ആ വിടവിലൂടെ പുറത്തേക്ക് നോക്കി.



അതാ അവിടെ, പടിഞ്ഞാറേചക്രവാളം
ശൂന്യമായി,
ഒരു ഇരുട്ടിനെ വരവേൽക്കുവാൻ .......

അഞ്ജു അനീഷ്

# വർഷം

ആനനമാസകലം വ്യസനം തിങ്ങി
നിൽക്കുന്ന കാർമേഘമേ ഒന്നു കരഞ്ഞുകൂടെ?



നിൻ മിഴിനീർ കൊതിച്ചീ ധരണിയിൽ
ജീവജാലങ്ങളെല്ലാം കാത്തുനിൽപ്പൂ......

മുതഭൂമിതൻ കാതിൽ കുളിരിന്റെ
അലകൾ മധുരം പൊഴിക്കുന്നു.

പുതുമണ്ണിൻ സുഗന്ധമുയരുന്നു
സുഗന്ധറാണിയായി......

കർഷകൻ സോദരീ ഗംഗതൻ ജീവനെ
എത്രനാളിങ്ങനെ വീർപ്പുമുട്ടും?

മാനുഷൻമാരുടെ ഉയരുന്ന നിലവിളി
ഗിരിനിരകളിൽ തട്ടി പ്രതിധ്വനിക്കുന്നു.

മഴദേവൻ കനിഞ്ഞു ഭൂമിയിൽ ആദ്യത്തെ
നീർത്തുള്ളി പതിച്ചു.....ആമോദമായി.

ആമോദമാഹ്ലാദമുൻമാദവും
ആർപ്പുവിളികളും കൂക്കുവിളികളും ഉയരുന്നു....

ഭൂമിതൻ ശാന്തി നീ.....
ഏവർക്കും സോദരീ....
വർഷമേ നിന്നെ ഞാൻ
നമിച്ചിടട്ടെ .....!

നയന ഷാജി

# LITTLE KITES MEMBERS



ALEENA JOSHY



ALEENA SURESH



ALPHONSA RAJU



ANAKHA R.



ANITTA JOSHY



ANJITHA RAJAN



ANLIYA PIOUS



ANN MARIYA BABU



ANNS MARIA BIJU



APARNA K.S



ARCHA MOL M.S



ARYA BABU



ARYA SREE REVEENDRAN



ASHMI SHYJU



BONPHY JAMES



BRILLIA THOMAS


CHRISTEENA V.H


DEVIKA MADHU


DEVU BIJU


FEBA BIJU


GOWRI
NANDANA P.A


JESS MARIA
GEORGE


KAVYA K.


KEERTHANA
JAIMON


LAKSHMI
MOHANAN


LIYA ISSAC


MALAVIKA
VINOD


NIDHIYA
PETER


POOJA ANIL


REMYA MANI


RIYA ROY


SIVYA
SEBASTIAN


SONA MOL
JOHN


SONA
PIOUS


SREE
LAKSHMI T.S


TIFA TARA
TOM


VARSHA
VINOD

# नये दिल

बिर्णा बी कुन्नेल

१० : बी




अकेली मैं चुपचाप

अपने जगह पर बैठ

बाहर तो मुसलदार बारिश है

भी अंदर में जैसे

क्या जाना क्या चलाना

दिल में कई सवाल

लेकिन उत्तर सिर्फ नहीं

घने अंधेरा की निसतब्धा से

बाँट करती जाती है ।

दिल में नया सोच

बहुत खुशी से भरना

# സുഹൃത്ത് എന്ന വഴികാട്ടി

അകാലത്തിൻ ഓർമ്മകളിൽ
വഴികാട്ടിയായി എൻ സുഹൃത്തുണ്ടായിരുന്നു
ബാല്യകാലത്തിലും യൗവ്വനത്തിലും
ഉത്തമസുഹൃത്തായി അരികെ ഉണ്ടായിരുന്നപ്പോഴും
അകലേക്ക് മാത്രമാണ് എന്റെനോട്ടം തിരിഞ്ഞത്

ഓർമ്മകളായ് തീർന്ന സുഹൃത്ത്
എന്നും എന്നിൽ പ്രകാശിച്ച്
നിൽക്കുമ്പോൾ അണയാത്ത
ദീപമായ് മാർഗമായ് അവനെന്നും
കൂടെയുണ്ടായിരുന്നു



ഇറ്റു കണ്ണീനീർത്തുള്ളികൾ പൊഴിഞ്ഞുവീഴുമ്പോഴും
തണലായി അവൻ മാത്രമുണ്ടായിരുന്ന കാലത്ത്
എവിടെയോ പരതീയ ആ സുഹൃത്തിനെ
ഒരു മൺ വിളക്കായി മാത്രം എന്റെ
മനസ്സിൽ തെളിഞ്ഞു നിന്നു.

ആർച്ചാ മോൾ എം.എസ്

# BE HAPPY



*George was sitting on the armchair in front of his two storied bungalow. He went back to his past.*



*In a small village,a small family with father,mother and two children lived happily with the small wages they got through farming. But soon they realised that they wouldn't full fill their needs through income they brought by farming. So he decided to go near city. He found a job in a factory . But after a few days he realised that he can't go on with the job. He become so sad. So he left the job and went to home .*

*He asked the problems to his wife. She consoled him. He took all the money he had and buy many seeds,pesticides and manures. And also he buy a small piece of land and began farming. Soon he grew rich. Now he realised that if he had been happy he wouldn't have to face such trouble.*

*Riya Roy*

# പൊതുവിജ്ഞാനം



1. ചൊവ്വാദൗത്യത്തിൽ ആദ്യശ്രമം തന്നെ വിജയിച്ച ലോകത്തിലെ ആദ്യ രാജ്യം ?



-ഇന്ത്യ

2. നേച്ചർ തയ്യാറാക്കിയ മികച്ച പത്തു ശാസ്ത്രജ്ഞരിൽ ഇടം പിടിച്ച ഇന്ത്യക്കാരനും മലയാളിയുമായ വ്യക്തി ?

-കെ. രാധാകൃഷ്ണൻ



3. ജപ്പാനിലെ ഏറ്റവും ഉയർന്ന ദേശീയ പുരസ്കാരം അടുത്തിടെ നേടിയ ആദ്യഭാരതീയൻ ?

-മുൻപ്രധാനമന്ത്രി മൻമോഹൻസിങ്

4. മഹാരാഷ്ട്രയിലെ താനെ ജില്ല വിഭജിച്ച് രൂപം കൊണ്ട പുതിയ ജില്ലയേത്?

-പാൽഘർ

5 . നോക്കിയയുടെ പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പദവിയിലെത്തിയ ഇന്ത്യക്കാരൻ ?

-രാജീവ് സൂരി

6 . യൂണിസെഫിന്റെ ദക്ഷിണേന്ത്യയിലെ ആദ്യ ബ്രാൻഡ് അംബാസിഡറായി നിയമിതനായ താരം ?



-സച്ചിൻ ടെണ്ടുൽക്കർ

7 . ഇന്ത്യയിലെ ചൈനീസ് അംബാസഡർ ?

-ലി യു ചെങ്

8. സേവന മികവിന് അടുത്തിടെ ഐ.എസ്. ഒ സർട്ടിഫിക്കേഷൻ ലഭിച്ച ഇന്ത്യയിലെ ആദ്യ നഗരസഭ ?

-മലപ്പുറം നഗരസഭ

9 . ചൊവ്വായിൽ മനുഷ്യനെ ഇറക്കുവാനുള്ള പരീക്ഷണങ്ങളുടെ ഭാഗമായി അടുത്തിടെ നാസ പരീക്ഷണ വിക്ഷേപണം നടത്തിയ ബഹിരാകാശ പേടകം?

-ഓറിയോൺ



10 . ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ പുതിയ മേധാവി ?

-രാജേന്ദ്രസിങ്

11. തമിഴ് നാട് സർക്കാർ അടുത്തിടെ പുറത്തിറക്കിയ കുറഞ്ഞവിലയുള്ള ജനപ്രിയ സിമന്റ് ?


-അമ്മ സിമന്റ്

12. വ്യോമസേന അടുത്തിടെ സ്വന്തമാക്കിയ ഇന്ത്യ സ്വന്തമായി നിർമ്മിച്ച ആദ്യ ലഘുപോർ വിമാനം ?

-തേജസ്

13. ആരാണ് ഐ.എൻ.ഒ .പദ്ധതിയുടെ ഡയറക്ടർ ?

-പ്രൊ. നബ കെ. മണ്ഡൽ



14 . വി.ടി. പുരസ്കാരം 2015-ൽ ലഭിച്ച വ്യക്തി ?

-മാടമ്പ് കുഞ്ഞുകുട്ടൻ

15. ആഷസ് ട്രോഫി 2015 ജേതാക്കൾ ?

-ഇംഗ്ലണ്ട്

16. ശ്രീലങ്കയുടെ പുതിയ പ്രധാനമന്ത്രി ?

-റനിൽ വിക്രമസിംഗെ

17. 2015-ലെ നെഹ്റുട്രോഫി വള്ളംകളി ജേതാവ് ?

-ജവഹർ തായങ്കരി



18. ഇന്ത്യൻ മിസൈൽ സാങ്കേതിക വിദ്യയുടെ പിതാവ് ?

-എ .പി.ജെ . അബ്ദുൾ കലാം

19. 2015-ലെ ഖത്തർ ഓപ്പൺ ടെന്നീസ് കിരീട ജേതാവ് ?

-ഡേവിഡ് ഫെറർ

20. ഇന്ത്യയിലെ ആദ്യ ഇ-ക്യാബിനറ്റ് യോഗം നടന്നതെവിടെയാണ് ?

-ആന്ധ്രപ്രദേശ്

എസ്. സൗപർണ്ണിക

# നമ്മൾ കാണാത്ത ലോകം



ഒരു ജീവൻ എന്റെ മുന്നിൽ -
പൊലിയുന്ന നേരം
ഞാൻ ആ ജീവനെ
തൊട്ടറിഞ്ഞു;നമ്മൾ കാണാ-
ത്ത ലോകം എത്ര സുന്ദര
മാണെന്ന് ജീവനിലേക്കുള്ള
ആ ലോകം എത്ര മനോഹര
മാണെന്ന് ഞാൻ അനുഭവിച്ചറിഞ്ഞു.
ഇന്ന് ഞാൻ കാണുന്ന ലോകം
എൻ മുന്നിൽ വരുന്നു.
ഞാൻ കാണുന്ന ലോകത്തെ
സ്നേഹിക്കുമ്പോൾ
ഞാൻ കണ്ട ലോകം എ
ന്നെ നോക്കി കരയുന്നു
ഞാൻ കാണാത്ത ലോകം
എന്നെ നോക്കി പുഞ്ചിരിക്കുന്നു.

ജീന ഫ്രാൻസിസ്

# Mysteries of Nature

Nature is gods gift to us
We cant live with out it
nature moulds us ,treat us



The beautiful flowers ,
The green mountains,
The blue sky,OH so high

The sea so deep,
The tiny birds so sweet,
The gorgeous sunrise and sunset

The gentle breeze that hit my face
How marvellous is GODS gift for us

NATURE THE POWER OF EARTH

Ashmi Shyju

# ഏതു കുട ?

കറുകറെയുള്ളൊരു കുടയാണേ,

കമ്പികളില്ലാക്കുടയാണേ,

അന്തിമയങ്ങണ നേരത്തെന്നും

തിന്നാൻ പോകണ കുടയാണേ,

വെട്ടം വീണാൽ അത്തിമരത്തിൽ

തൂക്കിയിട്ടുന്നൊരു കുടയാണേ,

വാഴത്തോപ്പിൽ തേനുണ്ണാനായ്

വിടർന്നിറങ്ങും കുടയാണേ

ചൂടി നടക്കാൻ പറ്റാത്തൊരു കുട,

ഏതാണികുട , പറയാമോ ?



ഉത്തരം - വവ്വാൽ

ജിവിന ഡി.

# Payback

*In a deep forest lived two crows. On among them was jealous of the other. On day he challenged the other crow to*



